**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1212** **10-10-2024 - ൽ മറുപടിയ്ക്ക്**

**നഗര റോഡു വികസനപദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. പി.പി. സുമോദ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | നഗര പ്രദേശങ്ങളിലെ റോഡുകളുടെ വികസനത്തിന് പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; ഈ സർക്കാർ ഏതൊക്കെ നഗരങ്ങളിൽ നഗര റോഡ് വികസന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; | (എ) | നഗര പ്രദേശങ്ങളിലെ റോഡുകളുടെ വികസനത്തിന് പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഈ സർക്കാർ കോഴിക്കോട്, കണ്ണൂർ, കൊല്ലം നഗരങ്ങളിൽ നഗര റോഡ് വികസന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>**1. കോഴിക്കോട് നഗര പാത വികസന പദ്ധതി ഘട്ടം I (ബി) - മാനാഞ്ചിറ - വെള്ളിമാട്കുന്ന് റോഡ്**<br><br>ഈ പദ്ധതിയ്ക്ക് 137.44 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായി. പദ്ധതിയുടെ ടെണ്ടർ നടപടികൾക്ക് ആവശ്യമായ കരട് രേഖകൾ തയ്യാറാക്കുന്നതിന് ട്രാൻസാക്ഷൻ അഡ്വൈസറെ നിയമിച്ചിട്ടുണ്ട്. കരട് രേഖകൾ തയ്യാറാക്കുന്ന നടപടികൾ പൂർത്തിയായി വരുന്നു. ഇതിന് അംഗീകാരം ലഭ്യമാക്കി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.<br><br>2. **കോഴിക്കോട് നഗര പാത വികസന പദ്ധതി - അരീക്കാട് - ചെറുവണ്ണൂർമേൽപ്പാല നിർമ്മാണം**<br><br>കോഴിക്കോട് നഗര പാത വികസന പദ്ധതി രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ട ചെറുവണ്ണൂർ, അരീക്കോട് മേൽപ്പാല നിർമ്മാണത്തിന് 255.62 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അരീക്കാട് മേൽപ്പാലത്തിന്റെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. ചെറുവണ്ണൂർ മേൽപ്പാലത്തിന്റെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് 19(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. അതിന്റെ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. |

**3. കോഴിക്കോട് നഗര പാത പദ്ധതി ഘട്ടം II**

കോഴിക്കോട് നഗര പാത വികസന പദ്ധതി ഘട്ടം - 2 ന് 1312.679 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട അലൈൻമെന്റ് സ്കെച്ചിൽ സൂപ്പർ ഇംപോസിംഗ് പ്രവൃത്തി നടന്നു വരുന്നു. ആയതിന്റെ ഭൂമി ഏറ്റെടുക്കൽ പ്രവർത്തികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതാണ്.

**4. കണ്ണൂർ നഗര പാത വികസന പദ്ധതി**

കണ്ണൂർ നഗര പാത വികസന പദ്ധതികൾക്ക് 401.46 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയത്. കണ്ണൂർ നഗര പാത വികസന പദ്ധതിയിൽ ആകെ 11 കോറിഡോറുകളാണുള്ളത്. മൂന്ന് ഘട്ടങ്ങളിലായാണ് നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഘട്ടം 1-ൽ ഉൾപ്പെടുന്ന ഭൂമി ഏറ്റെടുക്കൽ നടപടികൾ ആവശ്യമില്ലാത്ത 3 കോറിഡോറുകളുടെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട തുടർനടപടി സ്വീകരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾക്ക് 16.85 കോടി രൂപയുടെ പ്രത്യേക ഭരണാനുമതിയും നൽകി. നിലവിൽ ഘട്ടം I കോറിഡോറുകൾക്ക് സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ ടെണ്ടർ നടപടികൾ ആരംഭിക്കേണ്ടതായിട്ടുണ്ട്.

ഭൂമി ഏറ്റെടുക്കൽ ആവശ്യമായി വരുന്ന ഘട്ടം 2, ഘട്ടം 3 കോറിഡോറുകളുടെ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തി പുരോഗമിച്ച് കൊണ്ടിരിക്കുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാനാണുദ്ദേശിക്കുന്നത്.

**5. കൊല്ലം നഗര പാത വികസന പദ്ധതി**

കൊല്ലം നഗര പാത വികസന പദ്ധതിയ്ക്ക് 365.34 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കൊല്ലം നഗര പാത വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്ന മേവറം - കാവനാട് (13.15 കി.മി), റയിൽവേ സ്റ്റേഷൻ - ഡീസന്റ് ജംഗ്ഷൻ (6.30 കി.മി), തിരുമുല്ലാവാരം - കല്ലുപാലം - കച്ചേരി (4.31 കി.മി) എന്നീ റോഡുകളുടെ വികസനത്തിനായി 8.34 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. പദ്ധതിയുടെ ലാന്റ് അക്വിസിഷൻ ഓഫീസർ സമർപ്പിച്ച റിപ്പോർട്ട്

| | | | |
|---|---|---|---|
| | | | പ്രകാരം ഏറ്റെടുക്കേണ്ടതായ ഭൂമിയുടെ വിലയായ 4,35,65,03,647/- രൂപയും കണ്ടിജൻസി ചാർജായ 50,00,000/- രൂപയുമുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കണ്ടിജൻസി ചാർജ് റിലീസ് ചെയ്യുന്ന മുറയ്ക്ക് പദ്ധതിയുടെ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്നും നിർമ്മാണപ്രവൃത്തികൾ എപ്പോൾ ആരംഭിക്കാനാണുദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ; | (ബി) | നഗര പ്രദേശങ്ങളിലെ റോഡുകളുടെ വികസനത്തിന് പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഈ സർക്കാർ കോഴിക്കോട്, കണ്ണൂർ, കൊല്ലം നഗരങ്ങളിൽ നഗര റോഡ് വികസന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>**1. കോഴിക്കോട് നഗര പാത വികസന പദ്ധതി ഘട്ടം I (ബി) - മാനാഞ്ചിറ - വെള്ളിമാട്കുന്ന് റോഡ്**<br><br>ഈ പദ്ധതിയ്ക്ക് 137.44 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായി. പദ്ധതിയുടെ ടെണ്ടർ നടപടികൾക്ക് ആവശ്യമായ കരട് രേഖകൾ തയ്യാറാക്കുന്നതിന് ട്രാൻസാക്ഷൻ അഡ്വൈസറെ നിയമിച്ചിട്ടുണ്ട്. കരട് രേഖകൾ തയ്യാറാക്കുന്ന നടപടികൾ പൂർത്തിയായി വരുന്നു. ഇതിന് അംഗീകാരം ലഭ്യമാക്കി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.<br><br>2. **കോഴിക്കോട് നഗര പാത വികസന പദ്ധതി - അരീക്കാട് - ചെറുവണ്ണൂർമേൽപ്പാല നിർമ്മാണം**<br><br>കോഴിക്കോട് നഗര പാത വികസന പദ്ധതി രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ട ചെറുവണ്ണൂർ, അരീക്കോട് മേൽപ്പാല നിർമ്മാണത്തിന് 255.62 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അരീക്കാട് മേൽപ്പാലത്തിന്റെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. ചെറുവണ്ണൂർ മേൽപ്പാലത്തിന്റെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് 19(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. അതിന്റെ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.<br><br>**3. കോഴിക്കോട് നഗര പാത പദ്ധതി ഘട്ടം II**<br><br>കോഴിക്കോട് നഗര പാത വികസന പദ്ധതി ഘട്ടം - 2 ന് 1312.679 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട അലൈൻമെന്റ് സ്കെച്ചിൽ സൂപ്പർ ഇംപോസിംഗ് പ്രവൃത്തി നടന്നു വരുന്നു. ആയതിന്റെ ഭൂമി ഏറ്റെടുക്കൽ പ്രവർത്തികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | **4. കണ്ണൂർ നഗര പാത വികസന പദ്ധതി**<br><br>കണ്ണൂർ നഗര പാത വികസന പദ്ധതികൾക്ക് 401.46 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയത്. കണ്ണൂർ നഗര പാത വികസന പദ്ധതിയിൽ ആകെ 11 കോറിഡോറുകളാണുള്ളത്. മൂന്ന് ഘട്ടങ്ങളിലായാണ് നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഘട്ടം 1-ൽ ഉൾപ്പെടുന്ന ഭൂമി ഏറ്റെടുക്കൽ നടപടികൾ ആവശ്യമില്ലാത്ത 3 കോറിഡോറുകളുടെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട തുടർനടപടി സ്വീകരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾക്ക് 16.85 കോടി രൂപയുടെ പ്രത്യേക ഭരണാനുമതിയും നൽകി. നിലവിൽ ഘട്ടം । കോറിഡോറുകൾക്ക് സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ ടെണ്ടർ നടപടികൾ ആരംഭിക്കേണ്ടതായിട്ടുണ്ട്.<br><br>ഭൂമി ഏറ്റെടുക്കൽ ആവശ്യമായി വരുന്ന ഘട്ടം 2, ഘട്ടം 3 കോറിഡോറുകളുടെ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തി പുരോഗമിച്ച് കൊണ്ടിരിക്കുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാനാണുദ്ദേശിക്കുന്നത്.<br><br>**5. കൊല്ലം നഗര പാത വികസന പദ്ധതി**<br><br>കൊല്ലം നഗര പാത വികസന പദ്ധതിയ്ക്ക് 365.34 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കൊല്ലം നഗര പാത വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്ന മേവറം - കാവനാട് (13.15 കി.മി), റയിൽവേ സ്റ്റേഷൻ - ഡീസന്റ് ജംഗ്ഷൻ (6.30 കി.മി), തിരുമുല്ലാവാരം - കല്ലുപാലം - കച്ചേരി (4.31 കി.മി) എന്നീ റോഡുകളുടെ വികസനത്തിനായി 8.34 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. പദ്ധതിയുടെ ലാന്റ് അക്വിസിഷൻ ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ഏറ്റെടുക്കേണ്ടതായ ഭൂമിയുടെ വിലയായ 4,35,65,03,647/- രൂപയും കണ്ടിജൻസി ചാർജായ 50,00,000/- രൂപയുമുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കണ്ടിജൻസി ചാർജ് റിലീസ് ചെയ്യുന്ന മുറയ്ക്ക് പദ്ധതിയുടെ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. |
| (സി) | കണ്ണൂർ നഗരറോഡ് വികസന പദ്ധതിയുടെ നിർമ്മാണം എപ്പോൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം അറിയിക്കുമോ? | (സി) | കണ്ണൂർ നഗര പാത വികസന പദ്ധതി മൂന്ന് ഘട്ടങ്ങളിലായാണ് നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആവശ്യമില്ലാത്ത ഘട്ടം 1-ൽ ഉൾപ്പെടുന്ന കോറിഡോറുകൾക്ക് നിലവിൽ സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ |

| | | | |
|---|---|---|---|
| | | | നിർമ്മാണ പ്രവർത്തിയുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>പദ്ധതിയുടെ ഘട്ടം 2-ൽ 4 കോറിഡോറുകളാണ് ഉൾപ്പെടുത്തിയത്. ആയതിൽ ഒരു കോറിഡോറിന്റെ 19(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ളനടപടികൾ ആരംഭിച്ചിട്ടുണ്ട്. രണ്ട് കോറിഡോറുകളുടെ 19(1) വിജ്ഞാപനം ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് പ്രസിദ്ധീകരിക്കാവുന്നതാണ്. ഒരു കോറിഡോറിന്റെ ഭൂമി ഏറ്റെടുക്കൽ നടപടി ബഹു. ഹൈക്കോടതി ഉത്തരവ് പ്രകാരം പുനരാരംഭിച്ചിട്ടുണ്ട്. ആയതിന്റെ സാമൂഹിക ആഘാത പഠനത്തിനുള്ള വിദഗ്ധ സമിതി ജില്ലാകളക്ടർ രൂപീകരിച്ച് കൊണ്ട് റിപ്പോർട്ട് സർക്കാരിലേക്ക് ലഭിച്ചിട്ടുണ്ട്.<br><br>പദ്ധതിയുടെ ഘട്ടം 3-ൽ 4 കോറിഡോറുകളാണ് ഉൾപ്പെടുത്തിയത്. ആയതിന്റെ 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചു. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാനാണുദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ